**പ്രതിവാരം**

**സീതി**

# സാംസ്കാരിക പപ്പരാസികളുടെ ആവശ്യകത

*ആനയെ പൂനയും ആടിനെ പട്ടിയുമാക്കുന്ന അക്ഷരവിദ്യയുടെ ഇന്ദ്രജാലം തന്നെയായിരുന്നു സാഹിത്യവേദികളിൽ കണ്ടുമുട്ടാറുള്ള കവി വി. കരുണനുമായി സരിതയെ വൈകാതെ അടുപ്പിച്ചത്....വാക്കുകൾ കൊണ്ട് കവി തന്റെ ശരീരാവയവങ്ങൾ ലോകോത്തരമാക്കുന്നത് കാണാൻ അയാൾ വിളിക്കുന്ന ഹോട്ടൽ മുറികളിലെല്ലാം അവൾ ചുമ്മാ പോയി.*

*അഞ്ചാറ് മാസത്തിനകം തന്റെ കുളി തെറ്റിയപ്പോൾ, ലാബിലെ മൂത്രടെസ്റ്റിൽ ചുകപ്പ് ഇരട്ട വരകൾ കാർഡിൽ തെളിഞ്ഞപ്പോൾ, കരുണപ്രണിയാം കന്യകയ്ക്ക് ആർത്തവ വിഘ്നം സംഭവിച്ചിരിക്കുന്നു എന്ന് കളിചിരികളോടെ സരിത കാമുകനെ അറിയിച്ചു....ദിവസങ്ങൾ നീങ്ങുന്തോറും കാമുക കവിയെ നേരിൽ കണ്ടുകിട്ടാൻ സരിതയ്ക്ക് പ്രയാസം നേരിട്ടു. കണ്ടാൽ തന്നെ അയാൾക്ക് മിണ്ടിപ്പറയാൻ സമയക്കുറവ് സംഭവിച്ചു. ഫോണുകൾ കിട്ടാതായി. മിസ്ഡ് കോളുകൾ അനാഥമായി. അയാൾ അടുത്തിടെ ആരംഭിച്ച പുതുസ്ത്രീ സൗഹൃദത്തെക്കുറിച്ച കഥകൾ താമസിയാതെ പല സ്രോതസ്സുകളിൽനിന്നും പ്രവഹിക്കാൻ തുടങ്ങി. ഇങ്ങിനെ തന്നെ തിരസ്കരിക്കരുതെന്നും കുറച്ചെങ്കിലും മനസ്സ് അനുവദിക്കണമെന്നും വെപ്പാട്ടിക്കുള്ള സ്ഥാനമെങ്കിലും നൽകണമെന്നും അവൾ പറഞ്ഞപ്പോഴെല്ലാം കവി കരുണൻ അഴകൊഴമ്പൻ ഉത്തരങ്ങൾ പുലമ്പി.....*

കവികളും സാഹിത്യകാരന്മാരും മുതലാളിമാരുമെല്ലാം കൂടി നൽകിയ ദുരിതത്തിനൊടുവിൽ അവൾ ജബ്ബാറിനെ പരിചയപ്പെടുന്നു.

*'പൊട്ടുമോ?'*

*പെട്ടെന്നുള്ള തേട്ടൽ പോലെ അവൾ ചോദിച്ചു.*

*'പൊട്ടും'*

*'കോഴിക്കോട് തന്നെ പൊട്ടുമോ?'*

*'പൊട്ടും'*

*'പൊട്ടണം'*

*അവൾ തന്റേതായ ദാർഢ്യവും നേർന്നു. നീതിയുക്തവും സന്മാർഗനിഷ്ഠവും പലിശരഹിതവും ദൈവസംരക്ഷിതവുമായ പുതുലോകം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജബ്ബാർ എന്തെല്ലാമോ പറഞ്ഞുകൊണ്ടിരുന്നെങ്കിലും സരിതയ്ക്ക് ഒന്നും മനസ്സിലായില്ല. കുറച്ചു നേരം കേട്ടപ്പോൾ ബോറടിയും തോന്നി. എന്നാൽ പി.എസ്.സി ടെസ്റ്റിൽ കള്ളത്തരം കാട്ടുന്ന, സ്വാധീനമില്ലാത്തവർക്ക് പീറ ശമ്പളം നൽകുന്ന, സ്വന്തക്കാർ കൂടി അടിയാളന്റെ കിടപ്പാടം തട്ടുന്ന, കണ്ണിൽ ചോരയില്ലാതെ പ്രേമിച്ചവളെ ചവിട്ടിയകറ്റുന്ന ഈ ലോകത്തെ മുച്ചൂടും തകർക്കണമെന്നതിൽ അവൾക്ക് സംശയമുണ്ടായില്ല.....*

*ആശയുടെ കൺനനവ് മിന്നിച്ചുകൊണ്ട് സരിത വീണ്ടും ഉറപ്പുവരുത്താൻ ശ്രമിച്ചു. അതോടെ കറുത്ത ശരീരത്തിൽ വെളുവെളെ പുളയുന്ന ആ ഉള്ളം കൈ കൈയടിച്ചുള്ള സത്യത്തിനു വേണ്ടി മുസ്‌ലിം യുവാവിലേക്ക് നീണ്ടു.*

*'പൊട്ടിക്കും. ഇൻശാ അല്ലാ, പൊട്ടിക്കും'.*

(പ്രകാശം പരത്തുന്ന ആങ്കുട്ടി, കെ.പി രാമനുണ്ണി, *മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 2007 ഏപ്രിൽ 22–28)

********************************************

*പക്ഷേ, ആ അസ്സലാമലേക്കും പറച്ചിലും അത്തറ് മണവും സഹിക്കുന്നതാ കഷ്ടം. ഏത് ബി.എഡ് കോളേജ് പരിപാടിക്ക് പോണ്ടിവന്നാലും കോളേജ് മാനേജർ ബാവുട്ടിക്കാ തലേക്കെട്ടും കെട്ടി സ്റ്റേജിലുണ്ടാവും. ഇന്നാള് അവർടെ ഫൈൻ ആർട്സ് ഡേ ഇനോഗറേഷന് എനിക്ക് പോണ്ടിവന്നല്ലോ. ആ പരിപാടി ടീവീല് കണ്ടിട്ട് എന്റെ മോളുണ്ട് ചോദിക്കുന്നു. ഡാഡീ, ആർ യു ഗോയിംഗ് റ്റു മോസ്ക് ഫങ്ഷൻസ് ഓൾസോന്ന്..........*

*ഇനി യൂനിവേഴ്സിറ്റിയുടെ യാതൊരു പരിപാടിക്കും ശ്രോതാവായിക്കൂടി ഇയാളെ പങ്കെടുപ്പിക്കരുതെന്നാ എന്റെ അഭിപ്രായം. കോൺഫ്രൻസ് ഹാളായാലും സെമിനാർ കോംപ്ലക്സായാലും തന്റെ മാപ്ലക്കുടിയാന്നാ ഇവന്റെയൊക്കെ വിചാരം. രണ്ടാം കെട്ടും കെട്ടി യൂനിവേഴ്സിറ്റി കോൺഫ്രൻസ് ഹാളിലുള്ള ബാവുട്ടിയുടെ ഇരിപ്പ് കണ്ട് സകലരുടെയും തോല് പൊളിഞ്ഞിരുന്നു. പൊതുവികാരം ഞാൻ വി.സിയെയും അറിയിച്ചിട്ടുണ്ട്.*

(കെ.പി. രാമനുണ്ണി, ചില മതേതര സംസാരങ്ങൾ, *മാധ്യമം* ആഴ്ചപ്പതിപ്പ് 2006 ഡിസംബർ 29)

********************************************

പരമ്പരാഗത ഫെമിനിസ്റ്റുകളുടെ സ്ത്രീസ്വാതന്ത്ര്യവാദം പോലും അപൂർണമായി കാണുന്ന ഒരു സാംസ്കാരിക പ്രവർത്തകൻ. സ്ത്രീസ്വാതന്ത്ര്യം മാത്രം പോരാ, സമ്പൂർണമായ ലൈംഗിക സ്വാതന്ത്ര്യം തന്നെ വേണം എന്നാണ് കക്ഷിയുടെ കട്ടായം. വേശ്യകളുടെ യോഗത്തിലെ സ്ഥിരം പ്രഭാഷകൻ. ഭാര്യക്കും കാമുകിക്കും ഒപ്പം ഒരു വെപ്പാട്ടിയെക്കൂടി ഏതൊരു പുരുഷനും ആഗ്രഹിക്കുന്നുണ്ട് എന്ന് പ്രഖ്യാപിച്ചവൻ. പത്രസ്ഥാപനത്തിൽ ജോലിചെയ്യുന്ന പുള്ളിക്കാരന്റെ മകൾ അതേ സ്ഥാപനത്തിലെ മറ്റൊരു ചെറുക്കനുമായി പ്രണയത്തിലാവുന്നു. ഉടനെ സ്വതന്ത്ര വിപ്ലവകാരി പത്രമാനേജ്മെന്റിനെ സമീപിക്കുന്നു. ആ ചെറുക്കനെ സ്ഥലം മാറ്റണം!

സ്ത്രീസ്വാതന്ത്ര്യം, വനിതാ വിമോചനം, സ്വതന്ത്ര ചിന്ത തുടങ്ങിയ അതി പുരോഗമന ചിന്തകൾ ആവശ്യാനുസരണം അവതരിപ്പിക്കുന്ന മതേതര വിപ്ലവകാരികൾക്ക് നമ്മുടെ നാട്ടിൽ പൊതുവെയും കോഴിക്കോട്ടങ്ങാടിയിൽ അടുത്തകാലത്തായി വിശേഷിച്ചും വലിയ പഞ്ഞമില്ല. പക്ഷേ, യഥാർഥത്തിൽ എന്താണ് ഇവരുടെ അടുക്കളകളിൽ വേവുന്നത് എന്നന്വേഷിക്കാൻ അധികമാരും മെനക്കെടാറില്ല. ഇനി, അഥവാ ആരെങ്കിലും അത്തരം വല്ല നീക്കവും നടത്തിയാൽ സ്വകാര്യ ജീവിതത്തിൽ ഇടപെടുന്നു എന്നു പറഞ്ഞ് ഇവർ ഒന്നുചേർന്ന് സാംസ്കാരിക ബഹളം സൃഷ്ടിക്കും. പൊതുജീവിതത്തെക്കുറിച്ച് വലിയ വർത്തമാനങ്ങൾ പറയുന്നവരുടെ കുടുംബ/സ്വകാര്യ ജീവിതങ്ങൾ എങ്ങനെയെന്ന് അന്വേഷിക്കുന്നത്, അവർ പറയുന്നത് അവരുടെ ജീവിതങ്ങളിൽ എത്രത്തോളമു

ണ്ടെന്ന് ചോദിക്കുന്നത് ക്രിമിനൽ കുറ്റമാകേണ്ട ഒരു കാര്യമല്ല.

പക്ഷേ, മതേതര/പുരോഗമന/ഇട തുപക്ഷ/വിപ്ലവ/സാംസ്കാരിക ലോകത്ത് അങ്ങനെയാണ്. അവർ എന്തും പറയും; മതേതരത്വം വേണ്ടിടത്ത് മതേതരത്വം, ആധുനികത വേണ്ടിടത്ത് അത്, വർഗരാഷ്ട്രീയം ചെലവാകുന്നിടത്ത് ലെനിനേക്കാൾ വലിയ വർഗ വാദി, പാരമ്പര്യവും സ്വത്വ രാഷ്ട്രീയവും ചെലവാകുന്നിടത്ത് അങ്ങനെ. സിനിമ വേവുന്നിടത്ത് അത് വേവിക്കും. സിനിമ ഹറാമാണെന്ന കാഴ്ചപ്പാടുള്ളവരുടെ വാരികയിൽ അതിനനുസരിച്ച്. വേശ്യകൾക്ക് വേണ്ടി അവരോടൊപ്പം, അടുത്ത ശ്വാസത്തിന് ഹസ്സാനുബ്നു സാബിത്തിനെക്കുറിച്ചും മൗലിദ് പാരായണത്തെക്കുറിച്ചും അവർ സംസാരിക്കും.

ടൗൺഹാളിലെ അര മണിക്കൂറിനപ്പുറം, റെമ്യുനറേഷൻ കിട്ടുന്ന പേജിന്റെ നാല് കോളത്തിനപ്പുറം ഈ വീര ബുദ്ധിജീവികളുടെ ജീവിതം എന്താണെന്ന് ആരും അന്വേഷിക്കാറില്ല. രാജകുമാരന്മാരെ പിന്തുടരാൻ അങ്ങ് ബ്രിട്ടനിൽ പപ്പരാസികളുണ്ടായിരുന്നു. നമ്മുടെ സാംസ്കാരിക രാജാക്കന്മാരെ പിന്തുടരാൻ നമുക്കും ആയിക്കൂടേ കുറച്ച് സാംസ്കാരിക പപ്പരാസികൾ? അങ്ങനെയൊന്ന് അൽപം ഗൗരവത്തിൽ തുടങ്ങുകയാണെങ്കിൽ പലരുടെയും സാംസ്കാരിക പ്രവർത്തനം ആ നിമിഷം അവസാനിക്കുമെന്നുറപ്പാണ്. കോഴിക്കോട്ടെ പല വാരികകളും ആപ്പീസ് പൂട്ടി ആക്രിക്കച്ചവടം തുടങ്ങേണ്ടി വരും.

ഒരു പപ്പരാസിയുടെ കണ്ണോടെ സാംസ്കാരിക ലോകത്തെ നോക്കിക്കാണാൻ ശ്രമിക്കുന്നുവെന്നതാണ് കെ.പി. രാമനുണ്ണിയുടെ എഴുത്തുകളിലെ പ്രത്യേകതകളിലൊന്ന്. സാംസ്കാരിക ലോകത്തെ മതേതര കാപട്യങ്ങളുടെ ആമത്തോട് പൊട്ടിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ *ചില മതേതര സംസാരങ്ങൾ*. ആണും പെണ്ണും 'സ്വതന്ത്രമായി' നടത്തുന്ന സാഹിത്യ സദസ്സുകളിലെ ബൗദ്ധിക ചർച്ചകൾ ഹോട്ടൽ മുറികളിലേക്കും തുടർന്ന് ആർത്തവവിരാമത്തിലേക്കും അവിടെനിന്ന് ഗർഭഛിദ്രത്തിനു വേണ്ടി എം.ടി.പി മുറിയിലേക്കും കടക്കുന്നതെങ്ങനെയെന്ന് സത്യസന്ധമായി കാണിക്കുന്നുണ്ട് *പ്രകാശം പരത്തുന്ന ആങ്കുട്ടി*. ബന്ധുക്കളും ബുദ്ധിജീവികളും തൊഴിലുടമകളും എല്ലാം ചേർന്ന് തന്റെ ജീവിതം ചവച്ചരച്ചപ്പോഴാണ് സരിത ആത്മഹത്യ തെരഞ്ഞെടുക്കുന്നത്. അതിനുള്ള ഒരുക്കപ്പാടിനിടയിലാണ് കോഴിക്കോട്ടങ്ങാടി ബോംബ് വെച്ച് തകർക്കാൻ വരുന്ന ജബ്ബാറിനെ സരിത പരിചയപ്പെടുന്നത്. നശിച്ച നാറികളുടെ ഈ നഗരം കത്തിച്ചാമ്പലാകട്ടെ എന്ന കാഴ്ചപ്പാടിലാണ് അവൾ ജബ്ബാറിന് പിന്തുണ കൊടുക്കുന്നത്.

റമദാൻ മാസത്തിൽ പകൽസമയം തുറന്നുവെച്ച ഹോട്ടൽ ബോംബ് വെച്ച് തകർക്കുന്ന 'ജിഹാദി'കളാണ് മുഖ്യധാരാ മതേതരത്വത്തിന്റെ മുസ്‌ലിം ബിംബം. ഇത്തരം ബിംബങ്ങൾ നിർമിക്കുന്നവർക്ക് 'വലതുപക്ഷ ഇടത്' പൊതുബോധത്തിൽ പെട്ടെന്ന് അവാർഡുകൾ ഒപ്പിച്ചെടുക്കാനാവും. രാമനുണ്ണിയുടെ ജബ്ബാറും ബോംബുമായിട്ടാണ് നടക്കുന്നതെങ്കിലും അതിന് ജബ്ബാറിനെ പ്രേരിപ്പിക്കുന്ന പശ്ചാത്തലത്തെയും അതിന് പിന്തുണ കൊടുക്കാൻ പിന്നാക്കക്കാരിയായ സരിതയെ പ്രാപ്തമാക്കുന്ന ജീവിതാനുഭവങ്ങളെയും വരച്ചിടുക വഴി സാംസ്കാരിക സത്യസന്ധത പുലർത്താൻ അദ്ദേഹത്തിന് സാധിക്കുന്നുണ്ട്.

*'എന്നെ പോലിസ് പിടിക്കാൻ വന്നതിൽ എനിക്ക് അഭിമാനമേയുള്ളൂ. ഇസ്‌ലാമിന്റെ ഇസ്സത്താണ് മുസ്‌ലിമിന് പ്രധാനം. സമാധാനം സമാധാനം എന്ന് പാടിയിരുന്നാ നശിക്കുന്നത് സമുദായത്തിന്റെ അന്തസ്സാണ്. ഇന്ത്യാ രാജ്യത്ത് ഇസ്‌ലാമിന്റെ ഇസ്സത്ത് കാക്കാൻ ഏത് മുസ്‌ലിമും ചെയ്യേണ്ടതാണ് ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്'-സിദ്ദീഖ്.*

*'എന്തിനാണ് സിദ്ദീഖേ നീ കടന്ന കയ്യിനൊക്കെ നിക്ക്ന്? റസൂൽ എപ്പഴും വാദിച്ചിരുന്നത് പൊറുക്കാനും സ്നേഹിക്കാനും വേണ്ടിയല്ലേ? നെനക്കൊന്ന് മാറ്റിച്ചിന്തിച്ചൂടെടാ?'-സുബൈദ* (ജീവിതത്തിന്റെ പുസ്തകം, കെ.പി രാമനുണ്ണി).

മുസ്‌ലിം ജീവിതങ്ങളെയും മതേതര/പുരോഗമന കാപട്യങ്ങളെയും അതിന്റെ എല്ലാ തിരിവുകളോടും സങ്കീർണതകളോടും സഹിതം പിടികൂടി അവതരിപ്പിക്കുന്നു എന്നിടത്തായിരിക്കും രാമനുണ്ണി എന്ന എഴുത്തുകാരൻ സവിശേഷമായി അടയാളപ്പെടുത്തപ്പെടുക.

contactseethi@yahoo.co.in